"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പരപ്പനങ്ങാടി മുനിസിപ്പാലിറ്റി - 'മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്' എന്ന പദ്ധതി - ബിരുദ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.1668/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 16/09/2020

---

പരാമർശം:- (1) പരപ്പനങ്ങാടി നഗരസഭാ സെക്രട്ടറിയുടെ 17.03.2020-ലെ എ2/4468/20-ാം നമ്പർ കത്ത്.

(2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2020-ൽ നടന്ന യോഗത്തിന്റെ (ഓൺലൈൻ) നടപടിക്കുറിപ്പിലെ തീരുമാനം നമ്പർ 4.43.

**ഉത്തരവ്**

പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ 2019-20-ലെ 'മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്' എന്ന പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ നഗരസഭ തീരുമാനമെടുത്തിട്ടുണ്ട് (പ്രോജക്ട് നം. 15/20). പ്രോജക്ടിൽ ബിരുദാനന്തര പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ എന്നായിരുന്നു രേഖപ്പെടുത്തിയിരുന്നത്. എന്നാൽ അപേക്ഷകരിൽ ടി യോഗ്യതയുള്ളവർ ഇല്ലാത്തതിനാൽ ബിരുദ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാൻ അനുമതി നൽകണമെന്ന ആവശ്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2020-ൽ നടന്ന യോഗം പരിഗണിക്കുകയും അനുമതി നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട് (തീരുമാനം നമ്പർ 4.43).

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരപ്പനങ്ങാടി മുനിസിപ്പാലിറ്റി 2020-21 സാമ്പത്തിക വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയ 'മത്സ്യത്തൊഴിലാളികളുടെമക്കൾക്ക് ലാപ് ടോപ്' എന്ന പ്രോജക്ടിന് വേണ്ടി അപേക്ഷിച്ചവരിൽ ബിരുദാനന്തര പ്രൊഫഷണൽ വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ ബിരുദ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് പരാമർശം(2)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ആർ .എസ് .കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പരപ്പനങ്ങാടി മുനിസിപ്പാലിറ്റി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി.എസ്.എസ്.എ) / (ഇ.ആർ.എസ്.എ), കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SMITHA S CHANDRA
Date: 2020.09.16 11:45 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് :
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.